**ക്രമപ്രശ്നം**

ബിൽ ക്രമപ്രകാരമല്ല എന്നത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ : സർ, ബഡ്ജറ്റിലുള്ളൊരു പ്രത്യേകത ജി.എസ്.ടി. ഈ വർഷംതന്നെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ട് ഈ വർഷം വർദ്ധിപ്പിച്ച യാതൊരു നികുതി നിർദ്ദേശങ്ങളും 2017-18-ലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ ഇല്ല. ഒരു നികുതിയും വർദ്ധിപ്പിച്ചിട്ടില്ല. ഇവിടെ പക്ഷെ 275, 276, 277 എന്നീ മൂന്നുഖണ്ഡികകളിലായി ചില നികുതി ഇല്ലാതിക്കിയിട്ടുണ്ട്, ചില നികുതി കുറച്ചിട്ടുണ്ട്. അല്ലാതെ ഈ ബഡ്ജറ്റിൽ നികുതി സംബന്ധിച്ചുള്ള യാതൊരുവിധ വർദ്ധനവും ഉണ്ടായിട്ടില്ല. വിവിധ നിയമങ്ങളുമായി ബന്ധപ്പെട്ട് നികുതി വർദ്ധനവ് ഉണ്ടായിരിക്കുന്നത് കൊണ്ടുവരുന്നതിനുവേണ്ടിയാണ് സാധരണ ഫിനാൻസ് ബിൽ അവതരിപ്പിക്കുന്നത്. നികുതി കുറച്ചിരിക്കുന്ന കാര്യത്തിനുവേണ്ടി ഫിനാൻസ് ബിൽ കൊണ്ടുവരേണ്ട ആവശ്യമില്ല. കാരണം, എക്സിക്യൂട്ടീവ് ഉത്തരവിറക്കി നികുതിക്കുറവ് പ്രാബല്യത്തിൽ വരുത്താവുന്നതുമാത്രമേയുള്ളൂ. നികുതി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ മാത്രമാണ് ബില്ലിൽ അമെന്റ്മെന്റ് വരുത്തി ഇത് കൊണ്ടുവരേണ്ട ആവശ്യമുള്ളൂ. അതുകൊണ്ട് ഇപ്രാവശ്യത്തെ ഈ ഫിനാൻസ് ബിൽ അനാവശ്യമായിട്ടുള്ളതും അപ്രസക്തമായിട്ടുള്ളതുമാണ്. ഇതുകൊണ്ടുവരേണ്ട യാതൊരു കാര്യവും നികുതി

നിർദ്ദേശങ്ങളിലില്ല. അതുകൊണ്ട് ഇത് അവതരിപ്പിക്കുന്നത് ക്രമത്തിലല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ഈ ധനകാര്യ ബില്ലിലില്ല. അദ്ദേഹം അഭിപ്രായപ്പെട്ടതുപോലെ വാറ്റ് നിയമത്തിലെ 93-ാം വകുപ്പുപ്രകാരം നിലവിലുള്ള നികുതികളിൽ എക്സിക്യൂട്ടീവ് ഉത്തരവുവഴി ഇളവ് നൽകാം. അത് പിന്നീട് നിയമസഭയിൽ പാസ്സാക്കി നിയമമാക്കിയാലും മതി. പക്ഷെ, ഈ ഫിനാൻസ് ബിൽ നികുതി ഇളവിന്റേതല്ല. നികുതി കുടിശ്ശികയിൽ ഇളവ് കൊടുക്കുന്നതും മുൻകൂട്ടി അടച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചുനൽകുന്നതല്ലെന്നും വ്യവസ്ഥ ചെയ്യുന്ന കാര്യങ്ങളാണ്. അതിന് നിയമഭേദഗതി കൂടിയേതീരൂ. എക്സിക്യൂട്ടീവ് ഓർഡർ വഴി ചെയ്യാൻ പറ്റുന്നതല്ല. വാറ്റ് നിയമം മാത്രമല്ല, മുദ്രപത്ര നിയമം, ആഡംബര നികുതി നിയമം, അഗ്രികൾച്ചറൽ ഇൻകംടാക്സ് തുടങ്ങി മറ്റ് നിയമങ്ങളും ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ ഒബ്ജക്ഷൻ ഹോൾഡ് ചെയ്യുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ : സർ, നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ അവസാനം അമന്റ്മെന്റ് നടത്തിവന്ന Rule 1 53 (a) -യ്ക്കകത്ത് ഈ പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിട്ടില്ല. ഫിനാൻസ് ബിൽ എന്നുപറയുന്ന ഡെഫനിഷനിൽ

അങ്ങിപ്പോൾ പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിട്ടില്ല. അതുകൂടി അങ്ങ് റൂളിംഗ് നൽകുന്നതിനുമുമ്പ് പരിഗണിക്കണം.

ഡോ. ടി. എം. തോമസ് ഐസക് : സർ, നമ്മുടെ നിയമപ്രകാരവും ശക്ധർ ആന്റ് കൗളിന്റെയുമെല്ലാം അടിസ്ഥാനത്തിൽ മിശ്രസ്വഭാവമുള്ള ഫിനാൻസ് ബില്ലുകൾ അവതരിപ്പിക്കാനുള്ള അവകാശവും പുതിയ നികുതി വർദ്ധനവിന്റെ മാത്രമല്ല, അല്ലാതെയുള്ള അനുബന്ധ നിയമങ്ങളിലെ ഭേദഗതിയും ഫിനാൻസ് ബില്ലിലൂടെ കൊണ്ടുവരാനുള്ള അവകാശമുണ്ട്. അതുകൊണ്ട് ഈ ഒബ്ജക്ഷൻ നലനിൽക്കുന്നതല്ല.